(29) വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ_

ശ്രീ. എ. കെ. ബാലൻ : സർ, ആലത്തൂർ എസ്.എൻ. കോളേജ് അധികൃതരുടെ തെറ്റായ സമീപനത്തിന്റെ ഭാഗമായി 40 വിദ്യാർത്ഥികളാണ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ വഴിയാധാരമായത്. മനഃപൂർവ്വം ഹാജർ വെട്ടി കുറയ്ക്കുക, റീ-അഡ്മിഷൻ നൽകാതിരിക്കുക, പരീക്ഷയെഴുതാനുള്ള അവസരം നിഷേധിക്കുക, കോളേജിൽനിന്നും സസ്പെന്റ് ചെയ്യുക - ഇതാണ് പ്രിൻസിപ്പാളിന്റെ സമീപനം. കോളേജ് യൂണിയൻ ഭാരവാഹികൾക്കും സോണൽ കലോത്സവങ്ങളിൽ പങ്കെടുക്കുന്നവർക്കും നിയമാനുസൃതമായി ഹാജർ ലഭിക്കുന്നതിനർഹതയുണ്ടെങ്കിലും അത് നിഷേധിച്ച് കുട്ടികളെ റോൾ ഔട്ടാക്കി. 2012-13 അദ്ധ്യയന വർഷത്തിൽ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികളായ 20 പേർക്കാണ് അവർ ടോക്കൺ രജിസ്ട്രേഷൻ നടത്തിയിട്ടുപോലും ഹാജർ കുറവാണെന്ന കാരണത്താൽ റീ-അഡ്മിഷൻ നിഷേധിച്ച് പഠനം മുടക്കിയത്. 2013-14 അദ്ധ്യയന വർഷത്തിൽ അഴിമതിയെന്ന് വിദ്യാർത്ഥികൾക്ക് തോന്നിയ ചില നടപടികൾക്കെതിരെ അവർ പ്രതിഷേധിച്ചു. യു.ജി.സി. ഫണ്ട് വിനിയോഗം, പി.റ്റി.എ. ഫണ്ട് വിനിയോഗം. ചില നിർമ്മാണ പ്രവൃത്തികൾ, ചില അദ്ധ്യാപകരെക്കുറിച്ചുള്ള ആക്ഷേപങ്ങൾ എന്നിവയെക്കുറിച്ച് വിവരാവകാശ നിയമപ്രകാരം അവർ വിവരങ്ങൾ ശേഖരിച്ചു. ആറ് പേരുടെ ഹാജർ ഇതിന്റെ പേരിൽ വെട്ടിക്കുറച്ചു. ഹൈക്കോടതിയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും പുനഃപ്രവേശനം നൽകാൻ ഉത്തരവിട്ടിട്ടുപോലും ഇതുവരെയും കോളേജ് അധികൃതർ അത് നടപ്പാക്കിയിട്ടില്ല. 2014-15 അദ്ധ്യയന വർഷത്തിൽ പെൺകുട്ടികളുടെ ഹോസ്റ്റലിൽ ഒരു അദ്ധ്യാപകനെ വാർഡനായി നിയമിച്ചതിനും ഹോസ്റ്റലിനുള്ളിൽ ചില അനധികൃത നിർമ്മാണ പ്രവൃത്തികൾ നടന്നതിനാലും വിദ്യാർത്ഥികൾ പ്രതിഷേധിച്ചു. ഇതിന്റെ ഭാഗമായി വീണ്ടും സസ്പെൻഷൻ നടപടികൾ സ്വീകരിച്ചു. ഇത് ബഹുമാനപ്പെട്ട കളക്ടർ ഇടപെട്ടിട്ടു പോലും പരിഹരിക്കാനായില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് കൊടുത്തിരുന്നു. ഒരു നല്ല കലാലയ അന്തരീക്ഷമാണ് അവിടെയുണ്ടായിരുന്നത്. വിദ്യാലയ അധികൃതരുടെ തെറ്റായുള്ള സമീപനത്തിന്റെ ഭാഗമായി ഇപ്പോൾ അവിടെ പഠനം നടക്കുന്നില്ല. റോൾ ഔട്ടായ വിദ്യാർത്ഥികൾക്ക് പുനഃപ്രവേശനം നൽകുന്നതിനും സസ്പെന്റ് ചെയ്തവരെ തിരിച്ചെടുക്കുന്നതിനും തുടർപഠനം നടത്തുന്നതിനും പരീക്ഷ എഴുതാനും ബഹുമാനപ്പെട്ടമന്ത്രി ഇടപെട്ട് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ആലത്തൂർ എസ്.എൻ. കോളേജിലെ വനിതാ ഹോസ്റ്റലിലെ അഞ്ച് മുറികൾ ലൈബ്രറി, കൗൺസലിംഗ് സെന്റർ, ഹെൽത്ത് കെയർ, ലേഡീസ് വെയിറ്റിംഗ് റൂം, ഐ.ടി. ലാബ് എന്നിവയ്ക്കായി പ്രിൻസിപ്പാൾ വേർതിരിച്ചതിനെതിരായി വിദ്യാർത്ഥികൾ സമരം ചെയ്യുകയുണ്ടായി. 6-8-2014-ൽ പ്രിൻസിപ്പാളിന്റെ റൂമിലെ കമ്പ്യൂട്ടറും ജനാല ചില്ലുകളും അടിച്ചുതകർത്തുവെന്ന കാരണത്താൽ ഏഴോളം വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ കോളേജിൽനിന്നും സസ്പെന്റ് ചെയ്തു. വിദ്യാർത്ഥികളുടെ സമരം തുടർന്ന സാഹചര്യത്തിൽ ആലത്തൂർ തഹസീൽദാറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 25-10-2014-ൽ പാലക്കാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചു ചേർത്തു. എന്നാൽ പ്രസ്തുത യോഗത്തിൽ പ്രിൻസിപ്പാൾ പങ്കെടുക്കാതിരുന്നതിനാൽ അതിനൊരു തീരുമാനമെടുക്കാൻ കഴിഞ്ഞില്ലെന്ന് പാലക്കാട് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി. മാത്രമല്ല പ്രിൻസിപ്പാൾ വിദ്യാർത്ഥികളുടെ അറ്റന്റൻസിൽ മനഃപൂർവ്വം കുറവ് വരുത്തി അവർക്ക് പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യം ഉണ്ടാക്കുന്നതായും വിദ്യാർത്ഥികൾ പരാതിപ്പെട്ടതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ സ്വീകരിച്ച നടപടികളെക്കുറിച്ച് കാലിക്കട്ട് യൂണിവേഴ്സിറ്റിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കുള്ള പരാതി പരിഹാര സെൽ അന്വേഷണം നടത്തുകയും പ്രിൻസിപ്പാൾ കോളേജിൽനിന്നും പുറത്താക്കിയ വിദ്യാർത്ഥികളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത ഉത്തരവും ഇതുസംബന്ധമായി നിലവിലുള്ള ഹൈക്കോടതി നിർദ്ദേശങ്ങളും കോളേജ് പ്രിൻസിപ്പാൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കണമെന്ന് കാലിക്കട്ട് യൂണിവേഴ്സിറ്റി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. ആലത്തൂർ എസ്.എൻ. കോളേജ് പ്രിൻസിപ്പാൾ കാലിക്കട്ട് യൂണിവേഴ്സിറ്റി, ഹൈക്കോടതി, പാലക്കാട് ജില്ലാ കളക്ടർ എന്നിവരുടെ ഉത്തരവുകൾ പാലിക്കുന്നില്ലെന്നും ഒരു അഫിലിയേറ്റഡ് കോളേജിലെ പ്രിൻസിപ്പാൾ എന്ന നിലയ്ക്ക് ആയത് ഗുരുതരമായ വീഴ്ചയാണെന്നും കാണുന്നു. പ്രിൻസിപ്പാളിന്റെ പ്രസ്തുത നടപടികൾ വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനും പഠനം പൂർത്തിയാക്കുന്നതിനും തടസ്സമായി നിൽക്കുന്നതായുള്ള റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ അദ്ദേഹത്തിനെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.